കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലം മാറ്റം മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിന് കമ്മിറ്റി പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.1155/2017/പൊവിവ തീയതി, തിരുവനന്തപുരം.26/04/2017

പരാമർശം:- (1). സ.ഉ (ആർ.റ്റി) നം.3370/15/പൊവിവ തീയതി 12/08/2015
(2). സ.ഉ (ആർ.റ്റി) നം. 5591/15/പൊവിവ തീയതി 26/11/2015
(3). പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03-12-2016, 15-02-2017 എന്നീ തീയതികളിലെ എ 1/71000/2016/ഡിപിഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അദ്ധ്യാപകരുടെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിന് പരാമർശം (2) മുഖാന്തിരം കമ്മിറ്റി പുനസംഘടിപ്പിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം ഡോ. ഷാനവാസ് മുസലിയാർ (കൺസൾട്ടന്റ് ഓർത്തോപീഡിക്), ജില്ലാ ആശുപത്രി, നെടുമങ്ങാട് നെ 2015-16 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നു. സൂചന (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ 2016-17 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള കമ്മിറ്റി പുനസംഘടിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി താഴെ പറയും പ്രകാരം പുനസംഘടിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ), തിരുവനന്തപുരം.

3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡിപിഐ ഓഫീസ്, തിരുവനന്തപുരം

4. ഡോ. ആർ.സ്റ്റാൻലി ജെയിൻ, ആർ.എം.ഒ ജനറൽ ആശുപത്രി, തിരുവനന്തപുരം

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുജാത.കെ.എൻ
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ,തിരുവനന്തപുരം
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ), തിരുവനന്തപുരം.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡിപിഐ ഓഫീസ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് മുഖേന)
ഡോ.ആർ. സ്റ്റാൻലി ജെയിൻ, ആർ.എം.ഒ, ജനറൽ ആശുപത്രി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ